# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ - ജീവനക്കാര്യം – മാനന്തവാടി /മഞ്ചേരി ജയിലുകളിൽ വനിതാ ലോക്കപ്പ് പുനരാരംഭിക്കുന്നതിലേക്കായി വനിതാ ജീവനക്കാരുടെ ജോലി ക്രമീകരണം റദ്ദ് ചെയ്ത് തിരികെ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു-

പരാമർശം : 20.04.22 ലെ G1-7306/2021/DIGPNZ നമ്പർ ഉത്തര മേഖല ജയിൽ ഡിഐജി യുടെ കത്ത്.

**<u>ഉത്തരവ് നമ്പർ. E6-9988/2022/PrHQ; തീയതി : 26-04-2022</u>**

കോവിഡ് നിയന്ത്രണങ്ങൾ നീക്കിയതിനാലും CFLT സെന്ററുകൾ നിർത്തലാക്കിയതിനാലും ബഹു. കോടതികളുടെ അധികാര പരിധിയിൽ വരുന്ന ജയിലുകളിൽ തന്നെ അഡ്മിഷൻ എടുക്കാൻ തുടങ്ങിയതിനാലും മാനന്തവാടി ജില്ലാ ജയിൽ, മഞ്ചേരി സ്പെഷ്യൽ സബ് ജയിൽ എന്നിവിടങ്ങളിൽ വനിതാ ലോക്കപ്പ് പുനരാരംഭിക്കുന്നതിലേക്കായി ടി ജയിലുകളിലെ വനിതാ ജീവനക്കാരുടെ മറ്റ് സ്ഥാപനങ്ങളിലെ ജോലി ക്രമീകരണം റദ്ദ് ചെയ്ത മാതൃ സ്ഥാപനങ്ങളിലേക്ക് മടക്കി അയക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശത്തിലൂടെ ഉത്തര മേഖലാ ജയിൽ ഡിഐജി അപേക്ഷിച്ചിരിക്കുന്നു.

പ്രസ്തുത അപേക്ഷ പരിഗണിച്ച് മാനന്തവാടി ജില്ലാ ജയിൽ, മഞ്ചേരി സ്പെഷ്യൽ സബ് ജയിൽ എന്നിവിടങ്ങളിൽ നിന്നും ജോലിക്രമീകരണ വ്യവസ്ഥയിൽ കോഴിക്കോട് / പാലക്കാട് / ഹോസ്ദുർഗ് ജില്ലാ ജയിലുകളിലേക്ക് നിയോഗിച്ചിട്ടുള്ള എല്ലാ വനിതാ ജീവനക്കാരുടെയും ജോലിക്രമീകരണ വ്യവസ്ഥ/അറ്റാച്ച്മെൻറ് റദ്ദ് ചെയ്ത് തിരികെ മാതൃസ്ഥാപനങ്ങളിലേക്ക് നിയോഗിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കി വിവരമറിയിക്കേണ്ടതാണ്.

നിർമ്മലാനന്ദൻ നായർ എൻ എസ്
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)(ic)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ് : 1. ജയിൽ ഡിഐജി ഉത്തര മേഖല
2. സൂപ്രണ്ട്
ജില്ലാ ജയിൽ മാനന്തവാടി / കോഴിക്കോട് / പാലക്കാട് / ഹോസ്ദുർഗ്
സ്പെഷ്യൽ സബ് ജയിൽ മഞ്ചേരി

പകർപ്പ് : ജയിൽ ഡിഐജി ദക്ഷിണ/മദ്ധ്യ മേഖലകൾ, ഫയൽ, കരുതൽ ഫയൽ.